"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - വ്യാപാരി ക്ഷേമ ബോർഡ് - ചാല, പവർ ഹൗസ് റോഡിലുള്ള ശിവകാമി ബിൽഡിംഗിൽ പ്രവർത്തിച്ചു വരുന്ന ഓഫീസ് കെട്ടിടത്തിന് 15.12.2013 മുതൽ പ്രതിമാസം 25,000 രൂപ നിരക്കിൽ വാടക നിശ്ചയിച്ചും 2018 ഡിസംബർ മാസം വരെയുള്ള വാടക കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ഡി) വകുപ്പ്**

G.O.(Rt)No.476/2024/TAXES തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. വ്യാപാരി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.10.2016, 05.06.2017, 23.03.2018, 03.10.2019, 13/01/2023 , 19/07/2023 തീയതികളിലെ 43/12/TWB-1/16 നമ്പർ കത്ത്
2. വ്യാപാരി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/01/2024 , 12/04/2024 തീയതികളിലെ 43/12/TWB-1/24 നമ്പർ കത്ത്
3. 01/01/2024 ലെ സ. ഉ (സാധാ) നം.09/2024/നികുതി നമ്പർ ഉത്തരവ്

**ഉത്തരവ്**

വ്യാപാരി ക്ഷേമ ബോർഡ് ഓഫീസിനായി ചാല പവർ ഹൗസ് റോഡിലുള്ള ശിവകാമി ബിൽഡിംഗ് 15.12.2013 മുതൽ സർക്കാർ അനുമതിയില്ലാതെ അനുവദനീയമായ ഏരിയയിൽ നിന്നും മൂന്നിരട്ടി സ്ഥലം വാടകക്കെടുത്ത് സ്വന്തം നിലയിൽ വാടകകരാറിൽ ഏർപ്പെട്ട് കെട്ടിടത്തിന് വാടക നിശ്ചയിച്ച് നൽകാതെ പ്രവർത്തിച്ചുവന്നിരുന്ന വ്യാപാരി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടി സാധൂകരിച്ച് സൂചന (3) പ്രകാരം ഉത്തരവായിരുന്നു.

2) 15.12.2013 മുതൽ വ്യാപാരി ക്ഷേമ ബോർഡ് തിരുവനന്തപുരം പവർ ഹൗസ് റോഡിലെ ശിവകാമി ബിൽഡിംഗിൽ പ്രവർത്തനം ആരംഭിച്ചുവെന്നും 09.12.2013 ൽ അന്നത്തെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെട്ടിട ഉടമ ശ്രീ.പി.സുബ്രമണ്യവുമായി പ്രതിമാസം 25,000 രൂപ വാടക എല്ലാ മാസവും 16-ാം തീയതിക്കു മുമ്പായി നൽണമെന്ന വ്യവസ്ഥ പ്രകാരം കെട്ടിട വാടകകരാറായെന്നും കെട്ടിട വാല്യൂവേഷൻ സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതിനാൽ പി.ഡബ്ല്യൂ.ഡി.യിൽ നിന്നും റെന്റ് സർട്ടിഫിക്കറ്റ് കിട്ടാൻ വൈകിയെന്നും 16.11.2022 ൽ കെട്ടിട ഉടമസ്ഥൻ ഹാജരാക്കിയ കെട്ടിട വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പി.ഡബ്ല്യൂ.ഡി.യിൽ ഹാജരാക്കിയെങ്കിലും 12.01.2023 നാണ് റെന്റ് സർട്ടിഫിക്കറ്റ് ലഭിച്ചതെന്നും പ്രസ്തുത റെന്റ് സർട്ടിഫിക്കറ്റിൽ നിലവിലെ സ്റ്റാഫ് എണ്ണം പരിഗണിച്ച് അനുവദനീയമായ ഏരിയ 67.88 $m^2$ ന് 13266 രൂപ പ്രതിമാസ വാടകയും വ്യാപാരി ക്ഷേമബോർഡ് കെട്ടിട ഉടമസ്ഥനുമായി ഉണ്ടാക്കിയ

കരാർ പ്രകാരം ഉപയോഗിച്ചു വരുന്ന ഏരിയ 188.09 $m^2$ ന് 30456.18 രൂപ പ്രതിമാസ വാടകയും ശുപാർശ ചെയ്യുന്നുവെന്നും വ്യാപാരിക്ഷേമ ബോർഡിനു 14 ജില്ലകളിലെയും അംഗത്വ അപേക്ഷകളും, പെൻഷൻ അപേക്ഷകളും വർഷാവർഷം അംഗത്വം പുതുക്കുന്ന ഫോറങ്ങളും ഉൾപ്പെടെ ധാരാളം ഫയലുകൾ സൂക്ഷിക്കുന്നതിനും ബോർഡ് അംഗങ്ങൾക്ക് യോഗം ചേരുന്നതിനു ബോർഡ് യോഗ ഹാളും, വൈസ് ചെയർമാൻമാർക്ക് ഓഫീസ് സന്ദർശന സമയത്ത് പ്രത്യക ഓഫീസ് മുറിയും നൽകേണ്ടതിനാൽ നിലവിലെ കെട്ടിടം അത്യാവശ്യമായിരുന്നുവെന്നും ആരംഭകാലം മുതൽക്കുള്ള ഓഫീസ് കെട്ടിട വാടക വ്യാപാരിക്ഷേമബോർഡിന്റെ തനതു ഫണ്ടിൽ നിന്നും സർക്കാർ അനുമതിയോടെയാണ് നൽകി വന്നിരുന്നതെന്നും 2013-ലെ വാടക കരാർ പുതുക്കിയിട്ടില്ലാത്തതിനാൽ 01.01.2014 മുതൽ നാളിതു വരെയുള്ള വാടക കുടിശികയും നൽകേണ്ടതുണ്ടെന്നും നിലവിലെ ഓഫീസ് കെട്ടിടത്തിനും 15.12.2023 മുതൽ നൽകേണ്ട വാടക വ്യാപാരിക്ഷേമബോർഡിന്റെ തനതു വരുമാനത്തിൽ നിന്നും നൽകുവാൻ സാധിക്കുമെന്നും ആയതിനാൽ വ്യാപാരിക്ഷേമബോർഡിന്റെ 2013 മുതൽക്കുള്ള വാടക, കെട്ടിട ഉടമസ്ഥനുമായി ഉണ്ടാക്കിയ വാടക കരാറിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 25,000/-രൂപയായി നിശ്ചയിച്ച് നാളിതുവരെയുള്ള കുടിശിക തനതുഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും വ്യാപാരി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂചന (1),(2) എന്നിവ പ്രകാരം അപേക്ഷിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാപാരി ക്ഷേമ ബോർഡിന്റെ ചാല, പവർ ഹൗസ് റോഡിലെ ശിവകാമി ബിൽഡിംഗിൽ പ്രവർത്തിച്ചു വരുന്ന ഓഫീസ് കെട്ടിടത്തിന് 15.12.2013 മുതൽ പ്രതിമാസം 25,000 രൂപ നിരക്കിൽ വാടക നിശ്ചയിച്ചും 2018 ഡിസംബർ മാസം വരെയുള്ള വാടക കുടിശ്ശിക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും വ്യാപാരി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VANDANA S K A S

UNDER SECRETARY

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വ്യാപാരി ക്ഷേമ ബോർഡ്, ചാല, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ) , കേരളം ,തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്. എ) , കേരളം ,തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (No.2455478/EXP-B1/287/2023-FIN Dated 26.03.2024)
5. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് വെബ് &ന്യൂ മീഡിയ)
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഡി3/217/2016-നികുതി)

ഉത്തരവിൻ പ്രകാരം

Signed by

Retty P Thomas

Date: 07-06-2024 12:01:58

സെക്ഷൻ ഓഫീസർ

പകർപ്പ്: ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്